ഇൻഫർമേഷൻ കേരള മിഷൻ

43 (976) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ നിലവിൽ വന്നതിനുശേഷം എത്ര പർച്ചേസ് നടത്തി ; എന്തെല്ലാം ;

(ബി) ഇതിലേയ്ക്ക് എന്തുതുക ചെലവായി ?

ഉത്തരം

(എ) മിഷന്റെ സംസ്ഥാനതല കേന്ദ്രത്തിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, ലീസ്ഡ് ലൈൻ സൗകര്യങ്ങൾ പരിശീലന കേന്ദ്രം എന്നിവയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 80 ലക്ഷം രൂപ (എൺപത് ലക്ഷം)

ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം

44 (977) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിൽ ഇൻഫർമേഷൻ മിഷൻ കേരള, വിവരസാങ്കേതിക വകുപ്പ് എന്നീ രണ്ടു വകുപ്പുകൾ/ഏജൻസികൾ ഉള്ളതുകൊണ്ട് പ്രവർത്തനത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ;

(സി) പർച്ചേസും മറ്റും നടത്തുന്നത് ഇൻഫർമേഷൻ കേരള മിഷനാണോ ;

(ഡി) ഇൻഫർമേഷൻ കേരള മിഷന്റെ ഘടന വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കാമോ ;

(എഫ്) ഒരു കാര്യത്തിനായി രണ്ടു ഏജൻസികൾ ആവശ്യമാണോ ;

(ജി) ഇല്ലെങ്കിൽ ഇവ സംയോജിപ്പിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഇല്ല. സർക്കാർ പ്രഖ്യാപിച്ച ഐ.റ്റി. നയം നടപ്പിലാക്കുന്നതിനാണ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് രൂപീകരിച്ചത്. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസേഷനാണ് ഐ.കെ.എം.ന്റെ പ്രധാന ലക്ഷ്യം.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓഫീസ് പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും മറ്റു ഉപകരണങ്ങളും മിഷൻ വാങ്ങിയിട്ടുണ്ട്.

(ഡി) ഇൻഫർമേഷൻ കേരള മിഷന്റെ ദൈനംദിന കാര്യങ്ങൾ നടത്തുന്നതിന് ഒരു എക്സിക്യൂട്ടീവ് മിഷൻ ഡയക്ടറും, ഒരു ഓണറി മിഷൻ ഡയറക്ടറും ഉണ്ട്. കൂടാതെ മിഷന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതും, നിയന്ത്രിക്കാനുമായി അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രഗത്ഭരായ വ്യക്തികളും സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിമാരും മറ്റു സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെട്ട ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ഒരു ടെക്നിക്കൽ കമ്മിറ്റിയും നിലവിലുണ്ട്.

(ഇ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവത്കരിക്കുകയെന്നുള്ളതാണ് ഇൻഫർമേഷൻ കേരളമിഷന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ചുമതലകൾ മിഷൻ നിർവ്വഹിക്കുന്നതാണ്.

1. കമ്പ്യൂട്ടർ നെറ്റ്വർക്കിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ ആസൂത്രണ ഓഫീസിനെയും സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധം സ്ഥാപിക്കുക.

2. ആസൂത്രണ ലക്ഷ്യം, നേട്ടങ്ങൾ എന്നിവ സ്ഥിരമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനം വികസിപ്പിച്ചെടുക്കുക.

3. സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ, സാമ്പത്തിക കാര്യങ്ങൾ, പ്രോജക്ട് മാനേജ്മെന്റ് പൊതു സേവനങ്ങൾ, മറ്റു നടപടിക്രമങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർവത്കരിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനശേഷിയും സുതാര്യതയും ഉറപ്പു വരുത്തുക.

4. മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്കായി സാങ്കേതിക വിദഗ്ധർക്ക് പരിശീലനം നൽകുക.

(എഫ്) ഇൻഫർമേഷൻ കേരള മിഷന്റെയും വിവര സാങ്കേതിക വകുപ്പിന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യത്യസ്തമാണ്. അതിനാൽ ഇവ രണ്ടും ആവശ്യമാണ്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഫർമേഷൻ കേരള മിഷനിലെ സ്ഥിരം ജീവനക്കാർ

45 (978) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷനിൽ ഇപ്പോൾ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly